File No.FWLD-C2/127/2019-FWLD

9677
9/10/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - കളത്തുപ്പുഴ റെയിഞ്ചിന്റെ പരിധിയിലെ കളത്തുപ്പുഴയാറിലെ (കല്ലടയാർ) അംഗീകൃത കടവുകളായ ചോഴിയക്കോട്, മിൽപ്പാലം കടവുകളിൽ നിന്നുള്ള മണൽ ശേഖരണം - മാനദണ്ഡങ്ങളും മണലിന്റെ വിലയും അളവും പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (സി) വകുപ്പ്

G.O.(Rt)No.129/2020/F&WLD — തീയതി,തിരുവനന്തപുരം, 03-06-2020

---

പരാമർശം 1 ജി.ഒ.(ആർ.റ്റി)നം.153/2018/വനം തീയതി 26.03.2018

2 ജി.ഒ.(ആർ.റ്റി)നം.164/2019/വനം തീയതി 06.05.2019

3 ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06.12.2019 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

തിരുവനന്തപുരം വനം ഡിവിഷനിൽപ്പെട്ട കളത്തുപ്പുഴ റേഞ്ചിലെ അംഗീകൃത കടവുകളിൽ നിന്നും ഗാർഹിക ആവശ്യത്തിനായി മണൽ ശേഖരിച്ച് വിപണനം ചെയ്യുന്നതിന് പരാമർശം (1),(2)പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. മണൽ ശേഖരിച്ച് വിപണനം ചെയ്യുന്നതിന് പരാമർശം 1, 2 ലെ വ്യവസ്ഥകൾക്കു പുറമെ താഴെ പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

1. സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ടതല്ലെങ്കിലും 1000 sq ft വരെയുള്ള വീട് വെയ്ക്കുന്ന എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും മണൽ വിതരണം ചെയ്യാവുന്നതാണ്.
2. അപേക്ഷകൾ കൊല്ലം, തിരുവനന്തപുരം ജില്ലക്കാർക്ക് മാത്രമായിട്ടുള്ള നിയന്ത്രണം അതേപടി നിലനിർത്താവുന്നതാണ്.
3. BPL വിഭാഗക്കാർക്ക് 15m3 വരെയും APL വിഭാഗക്കാർക്ക് 25m3 വരെയും ആയി മണലിന്റെ അളവ് പുതുക്കി നിശ്ചയിക്കാവുന്നതാണ്.
4. 26/03/2018 ലെ G.O.(Rt)No.153/2018/വനം ഉത്തരവിൻ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയോടെ എ.പി.എൽ, ബി.പി.എൽ വിഭാഗങ്ങൾക്ക്, മണൽ വിലയിൽ നിലവിലെ നിരക്കിൽ നിന്നും 10% വരെ കുറച്ച് നല്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
DEPUTY SECRETARY

<u>പകർപ്പ്</u>

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി & പി.എഫ്.എം), തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം), തിരുവനന്തപുരം
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ), കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ആന്റ് എ ആന്റ് ഇ), കേരളം, തിരുവനന്തപുരം
പൊതുഭരണ (ഹൗസിംഗ്) വകുപ്പ്
ധനകാര്യ (ആർ.എം.സി) വകുപ്പ് (02.06.2020 ലെ 509698/ആർ.എം.സി2/2017/ധന പ്രകാരം)
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by CHITHRA G S
Date 2020.06.03 17:30:07 IST
Reason Approved
സെക്ഷൻ ഓഫീസർ